# പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.73 — 01.03.2017 ന് മറുപടിയ്ക്ക്.

## മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അടൂർ പ്രകാശ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് നിലവിൽ താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടു വരുന്നു.<br>1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.<br>2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.<br>4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ.<br>5. കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് തുരത്തുന്നതിന് എലിഫന്റ് സ്ക്വാഡുകൾ മുഖേന നടത്തുന്ന പ്രവർത്തനം.<br>6. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജല ലഭ്യത ഉറപ്പു വരുത്തുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്ന പ്രവർത്തനം.<br>7. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്ന പ്രവർത്തനം.<br>8. KIIFB പദ്ധതിയിലുൾപ്പെടുത്തി റെയിൽ ഫെൻസിംഗ് ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.<br>ടി പ്രവർത്തികൾ കൂടുതൽ കാര്യക്ഷമമായി തുടരുന്നതോടൊപ്പം മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ സമയോചിതമായി പ്രവർത്തിച്ച് സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/ |

മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ട്. വനാതിർത്തി പങ്കിടുന്ന മേഖലകളുള്ള ജില്ലകളിൽ മിക്കയിടത്തും പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏറ്റവുമധികം പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് വയനാട്, നിലമ്പൂർ, പാലക്കാട്, ഇടുക്കി മേഖലകളിലാണ്.

(സി) ഈ മേഖലകളിൽ സംഘർഷം ലഘൂകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) ഉത്തരം (എ)യിൽ പരാമർശിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ